നങ്ങളിൽ ഈ വർഷം സമഗ്ര ശുചിത്വ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ഇതിനുപുറമെ 'നബാർഡിന്റെ' സഹായത്തോടെ നടപ്പാക്കുന്ന റോഡു വികസന പദ്ധതി ഈ വർഷവും തുടരുന്നതും ബ്ലോക്കുകളുടെ വായ്പാ പദ്ധതി 50 ലക്ഷത്തിൽനിന്നും ഒരു കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. പുനഃസംഘടിപ്പിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ അവ പ്രാദേശിക പദ്ധതികളുമായി സംയോജിപ്പിച്ച് ത്രിതല ഭരണ സംവിധാനംവഴി നടപ്പാക്കുന്നതിനാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്.

(8) അതിർത്തി പ്രദേശങ്ങളിൽ തമിഴ്-കന്നഡ മീഡിയം സ്കൂളുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇ.എം. അഗസ്തി : സർ, നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ അധിവസിക്കുന്ന ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ വളരെ കുറവാണ്. എന്റെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന ഇടുക്കിജില്ല, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന പീരുമേട്, ഉടുമ്പൻചോല, ശ്രീ. എ.കെ. മണിയുടെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന ദേവികുളം എന്നിവിടങ്ങളിലൊന്നും ഭാഷാ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസത്തിനാവശ്യമായ സ്കൂളുകളില്ല. തമിഴ്മീഡിയം സ്കൂളുകളില്ല. ഹൈസ്ക്കൂൾ ക്ലാസ്സുകൾക്കുള്ള ഒരു സ്കൂളുള്ളത് മൂന്നാറിലാണ്. മൂന്നാർ കഴിഞ്ഞാൽ മറ്റൊരു സ്കൂളുള്ളത് 100 കിലോമീറ്റർ അകലെയുള്ള ചക്കുളത്താണ്. അങ്ങനെ വരുമ്പോൾ മേൽപ്പറഞ്ഞ വിഭാഗം കുട്ടികളെ 8-ാം ക്ലാസ്സുള്ള സ്കൂളുകളിൽ അയയ്ക്കണമെങ്കിൽ തമിഴ് നാട്ടിലേയ്ക്ക് അയയ്ക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. ഇതേ സ്ഥിതി വിശേഷം തന്നെ കർണ്ണാടക ന്യൂനപക്ഷം അധിവസിക്കുന്ന കാസർഗോഡ് പ്രദേശങ്ങളിലുമുള്ളത് എന്നാണ് അറിയാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള നിയമസഭയുടെ ലിംഗ്വിസ്റ്റിക് മൈനോറിറ്റി കമ്മിറ്റിയിൽ അങ്ങും എക്സ് ഒഫിഷ്യോ മെമ്പറാണ്. ആ കമ്മിറ്റി നിരവധി പ്രാവശ്യം തീരുമാനങ്ങൾ എടുക്കുകയും ഗവൺമെന്റ് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ ആ കമ്മിറ്റി ശുപാർശ ചെയ്തിട്ടും ഈ കാര്യത്തിൽ ഒരു നടപടിയുമുണ്ടായിട്ടില്ല. അതു നമ്മുടെ ഭാഷാന്യൂനപക്ഷങ്ങളോട് കാണിക്കുന്ന തികഞ്ഞ അവഗണനയാണ്. ഞാൻ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നില്ല. എങ്കിലും അത് നമ്മൾ കാണിക്കുന്ന ഒരു അവഗണനയാണ്. അതു പരിഹരിക്കുന്ന കാര്യത്തിൽ അവർക്ക് സംരക്ഷണവും സാമാന്യനീതിയും ഉറപ്പുവരുത്തുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രത്യേക താൽപ്പര്യമെടുക്കണമെന്ന് അപേക്ഷിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നീ മൂന്നു ജില്ലകളിലാണ് ഭാഷാ ന്യൂനപക്ഷങ്ങൾ ഉള്ളത്. ഇവർക്കുവേണ്ടി .....

ശ്രീ. എ.കെ. മണി : തിരുവനന്തപുരത്തുമുണ്ട്.

ശ്രീ. പി.ജെ. ജോസഫ് : ഭാഷാ ന്യൂനപക്ഷങ്ങൾ അവിടെയും ഉണ്ടാകാം. പക്ഷെ കൂടുതലായിട്ടുള്ളത് ഈ മൂന്നു ജില്ലകളിലാണ്.

മി. സ്പീക്കർ : തിരുവനന്തപുരത്ത് ഒരു തമിഴ് സ്കൂളുണ്ട്.

ശ്രീ. പി.ജെ. ജോസഫ് : ഈ പ്രദേശങ്ങളിൽ കൂടുതൽ സ്കൂളുകൾ വേണമെന്നുള്ള ആവശ്യമാണ് ഉന്നയിച്ചിരിക്കുന്നത്. മൂന്നു ജില്ലകളിലും ഡി.

LIBRARY ARCHIVES Kerala Legislative Assembly

പി.ഇ.പി. പദ്ധതി നടപ്പാക്കിയിട്ടുണ്ട്. അതിന്റെ ആഭിമുഖ്യത്തിൽ ഏതാനും എൽ.പി. സ്കൂളുകൾ ഈ ജില്ലകളിൽ ഇതിനോടകം അനുവദിച്ചിട്ടുണ്ട്. ഏഴു സ്കൂളുകൾ കാസർഗോഡ് ജില്ലയിലും എട്ടു സ്കൂളുകൾ പാലക്കാട് ജില്ലയിലും 15 സ്കൂളുകൾ ഇടുക്കിയിലും അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഏതാനും ചില സ്കൂളുകൾ ഭാഷാ ന്യൂനപക്ഷങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിലാണ്. പക്ഷെ ഇതും അപര്യാപ്തമാണെന്നുള്ള ആവശ്യമാണ് ഉണ്ടായിരിക്കുന്നത്. ഈ മേഖലയെപ്പറ്റി പ്രത്യേകമായി ഒരു റിപ്പോർട്ട് വരുത്തിക്കൊണ്ട്, ഈ പ്രദേശങ്ങളിൽ ഭാഷാന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ ഒന്നുകൂടി വിലയിരുത്തി അടിയന്തിരമായി ഒരു റിപ്പോർട്ട് വരുത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

(9) കേരള സർവ്വകലാശാലയുടെ വിദ്യാഭ്യാസ വകുപ്പു സംഘടിപ്പിച്ച ഗവേഷണ പദ്ധതിയിലെ ക്രമക്കേടുകൾ

ശ്രീ. കെ.സി. വേണുഗോപാൽ : സർ, നമ്മുടെ നിയമസഭ ഒട്ടേറെ ചർച്ച ചെയ്ത ഒരു പദ്ധതിയാണ് ഡി.പി.ഇ.പി. ഡി.പി.ഇ.പി. പദ്ധതിയുടെ ഗവേഷണ പരിപാടികളിൽ ഒരു വൻ തട്ടിപ്പും ക്രമക്കേടും നടന്നകാര്യം ആഡിറ്റ് റിപ്പോർട്ടിൽ തെളിഞ്ഞിരിക്കുകയാണ്. നമ്മുടെ ലോക്കൽ ഫണ്ട് ആഡിറ്റിന്റെ റിപ്പോർട്ടിൽ ലക്ഷക്കണക്കിന് രൂപയുടെ തിരിമറിയാണ് സൂചിപ്പിച്ചിരിക്കുന്നത്. കേരള സർവ്വകലാശാലയുടെ ഒരു വകുപ്പദ്ധ്യക്ഷന്റെ മേൽനോട്ടത്തിൽ നടന്ന പഠനത്തിനായി ആകെ ചെലവഴിച്ച തുക 3,83,990 രൂപയാണ്. അസിസ്റ്റന്റുമാരെയും റിസർച്ച് അസിസ്റ്റന്റുമാരെയും സൂപ്പർവൈസറെയും ഒബ്സർവർമാരെയുമൊക്കെ നിയമിച്ചിരിക്കുന്നത് വ്യാജമായിട്ടാണ്. ഇതുമായി ബന്ധപ്പെടാത്ത ചില വിദ്യാർത്ഥികളാണ് അതിന്റെ പേരിൽ വച്ചിരിക്കുന്നതെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ടി.എ, ഡി.എ. ഇനത്തിൽ 81,600 രൂപ തിരിമറി നടത്തിയിരിക്കുന്നു എന്നു റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. പദ്ധതി നിർവ്വഹണം സർവ്വകലാശാലയുടെ അനുവാദത്തോടുകൂടി നടത്തണമെന്നാണ്. 1997 മാർച്ച് മാസം 17-നാണ് സർവ്വകലാശാല അനുമതി കൊടുത്തത്. പ്രോജക്ട് ഫെബ്രുവരിയിൽ തന്നെ ആരംഭിച്ചു എന്നാണ് പറയുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികരംഗത്ത് പ്രതിസന്ധി നേരിടുന്ന ഒരു ഘട്ടത്തിൽ ഡി.പി.ഇ.പി. ഗവേഷണത്തിന് ചെലവഴിച്ച തുക വമ്പിച്ച തോതിൽ വെട്ടിപ്പു നടത്തിയിരിക്കുന്നതായിട്ട് മാതൃഭൂമി, മനോരമ തുടങ്ങിയ എല്ലാ പത്രങ്ങളിലും വളരെ പ്രാധാന്യത്തോടെ റിപ്പോർട്ട് വന്നിരിക്കുന്നു. പ്രോജക്ടിൽ ജോലി ചെയ്യുന്ന സർവ്വകലാശാലയുടെ ഉദ്യോഗസ്ഥൻമാർ പലരും സർവ്വകലാശാലയുടെ അനുമതിയില്ലാതെയാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നത് എന്നാണ് പറയുന്നത്. വൻതുക പ്രതിഫലം പറ്റുന്നതും സർവ്വകലാശാല അറിയുന്നില്ല എന്നാണ് പറയുന്നത്. വളരെ ഗൗരവതരമായ ഈ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് കുറ്റവാളികൾക്കെതിരായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അങ്ങു നിയമസഭയിൽ പലപ്പോഴും പറഞ്ഞിട്ടുണ്ട്, ഡി.പി.ഇ.പി.യിൽ ഉള്ള അപാകതകൾ പരിഹരിക്കുമെന്ന്. ഏറ്റവും ഗുരുതരമായ ക്രമക്കേടുകളാണ് ഇപ്പോൾ വെളിച്ചത്തു വന്നിരിക്കുന്നത്. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഡി.പി.ഇ.പി.യുടെ രണ്ടാംഘട്ടത്തിൽ നിലവിലുള്ള ക്ലാസ് റൂം രീതികളെക്കു

LIBRARY ARCHIVES Kerala Legislative Assembly